## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6799 — 2/11/2011 -ൽ മറുപടിക്ക്

## സമഗ്ര ആരോഗ്യപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സമഗ്ര ആരോഗ്യ പദ്ധതി വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; | (എ) സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സമഗ്ര ആരോഗ്യ പദ്ധതി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ 2009 മുതൽ സംസ്ഥാനമൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) നിർദ്ദിഷ്ട കാലാവധി അനുസരിച്ചുള്ള പരിശോധന, കൗൺസലിംഗ്, ഹെൽത്ത് പ്രൊമോഷൻ, കുടുംബ ജീവിതത്തെക്കുറിച്ചുള്ള വിദ്യാഭ്യാസം, ജീവിത പ്രാവിണ്യ വിദ്യാഭ്യാസം (Life skills education) എന്നീ സേവനങ്ങൾ പരിപോഷിപ്പിക്കുകയാണ്. ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഈ പദ്ധതിയുടെ പ്രയോജനം ഈ വർഷം എത്ര വിദ്യാർത്ഥികൾക്ക് ലഭിക്കും; വിദ്യാർത്ഥികൾക്കുള്ള ആരോഗ്യ രേഖയിൽ എന്തെല്ലാം വിവരങ്ങളാണ് അടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

| | |
|---|---|
| (ഡി) സംസ്ഥാനത്തെ എല്ലാ സ്കൂളു കളിലും ഈ പദ്ധതി എത്ര കാലത്തിനുള്ളിൽ നടപ്പാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) ഇപ്പോൾ ഈ പദ്ധതി പൈലറ്റ് പ്രോഗ്രാം ആയാണ് നടപ്പാക്കുന്നത്. പൈലറ്റ് പദ്ധതിയുടെ ഫലം വിലയിരുത്തിയ ശേഷമേ എല്ലാ സ്കൂളുകളിലും എത്ര കാലത്തിനു ള്ളിൽ നടപ്പാക്കാൻ കഴിയുമെന്ന് പറയാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ